<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290</u> <u>12-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം രോഗങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിലാണ് ഈ സൗകര്യം നിലവിലുള്ളത്; വിശദമാക്കാമോ; | (എ) | **18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം RBSK പദ്ധതി പ്രകാരമുള്ള തെരഞ്ഞെടുത്ത 30 രോഗങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പടെയുള്ള വിവിധ ചികിത്സകളും, മറ്റ് സേവനങ്ങളും ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. എല്ലാ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സർക്കാർ ആശുപത്രികളിലും പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാണ്.**<br><br>**ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതി ദായകർക്കും സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.**<br><br>**ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്കും 'ഹൃദ്യം' പദ്ധതിവഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗങ്ങൾക്കായി ചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ള ഈ പദ്ധതിക്കായി എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയും, എസ്.എ.റ്റി (ശ്രീ അവിട്ടം** |

| | | | |
|---|---|---|---|
| | | | തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ് കോഴിക്കോട് ആശുപത്രി വഴിയും ഹൃദ്യം പദ്ധതി നടന്നു വരുന്നു.<br><br>ടൈപ്പ് വൺ പ്രമേഹ രോഗികളായ കുട്ടികളുടെ ചികിത്സക്കായി സാമൂഹിക സുരക്ഷാ മിഷന് കീഴിൽ സൗജന്യ ഇൻസുലിനും ഇൻസുലിൻ പമ്പും മാസംതോറും 50 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസെറ്റ്, ഇൻസുലിൻ പേന, നീഡിൽ, കീറ്റോൺ സ്ട്രിപ്പ് എന്നിവയും continuous glucose മോണിറ്ററും സൗജന്യമായി നൽകുന്ന മിഠായി പദ്ധതി നിലവിലുണ്ട്. പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന്റെ ജില്ലാ ആശുപത്രികളിലുമായിട്ടാണ് മിഠായി ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നത്.<br><br>18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്കും മിഠായി പദ്ധതി വഴി ചികിത്സാ സഹായം ലഭ്യമാണ്. വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്കാണ് ഈ പദ്ധതിയിൽ അംഗമാകുവാൻ കഴിയുക. |
| (ബി) | സ്വകാര്യ ആശുപത്രികളിലെ ചികിത്സക്ക് ഈ ആനുകൂല്യം ലഭ്യമാക്കാൻ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം RBSK പദ്ധതി പ്രകാരമുള്ള തെരഞ്ഞെടുത്ത 30 രോഗങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പടെയുള്ള വിവിധ ചികിത്സകളും, മറ്റ് സേവനങ്ങളും ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. എല്ലാ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സർക്കാർ ആശുപത്രികളിലും പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാണ്.<br><br>ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതി ദായകർക്കും സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.<br><br>ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്കും 'ഹൃദ്യം' പദ്ധതിവഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗങ്ങൾക്കായി ചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ള ഈ പദ്ധതിക്കായി എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയും, എസ്.എ.റ്റി (ശ്രീ അവിട്ടം തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ് കോഴിക്കോട് ആശുപത്രി വഴിയും ഹൃദ്യം പദ്ധതി നടന്നു വരുന്നു.<br><br>ടൈപ്പ് വൺ പ്രമേഹ രോഗികളായ കുട്ടികളുടെ ചികിത്സക്കായി സാമൂഹിക സുരക്ഷാ മിഷന് കീഴിൽ സൗജന്യ ഇൻസുലിനും ഇൻസുലിൻ പമ്പും മാസംതോറും 50 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസെറ്റ്, ഇൻസുലിൻ പേന, നീഡിൽ, കീറ്റോൺ സ്ട്രിപ്പ് എന്നിവയും continuous glucose മോണിറ്ററും സൗജന്യമായി നൽകുന്ന മിഠായി പദ്ധതി നിലവിലുണ്ട്. പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന്റെ ജില്ലാ ആശുപത്രികളിലുമായിട്ടാണ് മിഠായി ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നത്.<br><br>18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്കും മിഠായി പദ്ധതി വഴി ചികിത്സാ സഹായം ലഭ്യമാണ്. വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്കാണ് ഈ പദ്ധതിയിൽ അംഗമാകുവാൻ കഴിയുക. |

സെക്ഷൻ ഓഫീസർ